ഉത്തരം

(എ)&(ബി) വാഹന അപകടങ്ങളും നിസ്സാരകുറ്റകൃത്യങ്ങളും ഉൾപ്പെടെയുള്ള കേസ്സുകളുടെ എണ്ണവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച ചെറിയ പരാതികൾക്ക് പോലും കേസുകൾ രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും ഉൾപ്പെടെയുള്ള സംസ്ഥാനത്തിലെ ആകെ കേസ്സുകളിൽ 1997 ലേതിനേക്കാൾ (0.5%) നേരിയ വർദ്ധനവ് മാത്രമാണ് 1998 ൽ ഉണ്ടായിട്ടുള്ളത്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടുപ്രകാരം ആകെ ഐ.പി.സി. കേസുകളുടെ എണ്ണത്തിൽ 1996-ൽ കേരളത്തിന് 4-ാം സ്ഥാനവും 1997-ൽ 3-ാം സ്ഥാനവുമാണ്. എന്നാൽ ഈ വർഷങ്ങളിൽ ഉണ്ടായ വാഹനാപകടകേസുകളുടെയും നിസാര ഉപദ്രവകേസുകളുടെയും എണ്ണം കുറച്ചാൽ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്.

(സി) തെളിയിക്കപ്പെടാത്ത കേസുകളിൽ കാലാകാലങ്ങളിൽ അവലോകനം നടത്തി നടപടി സ്വീകരിക്കുന്നതിനു പുറമേ ഇത്തരം കേസുകളിൽ പ്രത്യേക അന്വേഷണം നടത്തി കേസ് എത്രയും വേഗം തെളിയിക്കുന്നതിന് ഊർജ്ജിതമായ ഒരു പ്രത്യേക സംവിധാനം എന്ന നിലയിൽ എല്ലാ പോലീസ് ജില്ലകളിലും ഒരു സി.ഐ.യുടെ നേതൃത്വത്തിൽ ഡിസ്ട്രിക്റ്റ് അൺഡിറ്റക്റ്റഡ് പ്രോപ്പർട്ടി ഒഫൻസ് ഡിറ്റക്ഷൻ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങൾ

47(1521)ശ്രീ. ഇ. എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങൾ എത്ര വീതമാണ്;

(സി) ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) 1.6.96 മുതൽ 31.1.2000 വരെ പോലീസിന് നേരിട്ടെടുക്കാവുന്ന '399113' കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)&(സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ക്രിമിനൽ കേസ്സുകൾ പിൻവലിക്കുന്നത് സംബന്ധിച്ച്

48 (1522)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോടതിക ളുടെ പരിഗണനയിലിരുന്നതും പിൻവലിക്കാൻ കോടതി അനുമതി നിഷേധി ച്ചതുമായ ക്രിമിനൽ കേസ്സുകൾ ഏതൊക്കെയാണ്;

(ബി) ഈ കേസ്സുകളിൽ ഉൾപ്പെട്ട കുറ്റങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഈ കേസ്സുകളിൽ ഉൾപ്പെട്ട പ്രതികളുടെ എണ്ണം എത്രയാണ്?

ഉത്തരം

(എ) 29 കേസുകൾ പിൻവലിക്കുന്നതിനുള്ള അനുവാദം വിവിധ കോടതികളിൽ നിഷേധിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരി ക്കുന്നു.†

(ബി) ഏതു വകുപ്പനുസരിച്ചുള്ള കുറ്റമാണ് ചാർജ്ജ് ചെയ്തതെന്ന് അനുബന്ധത്തിൽ† വ്യക്തമാക്കിയിട്ടുണ്ട്.

(സി) 237 പേർ

പിൻവലിച്ച കേസിലെ പ്രതികൾ

49 (1523) ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കോടതികളുടെ പരിഗണനയിലിരുന്ന എത്ര കേസ്സുകൾ ഇതുവരെ പിൻവലിച്ചിട്ടുണ്ട്;

(ബി) ഇവയിലൊട്ടാകെ എത്ര പ്രതികൾ ഉണ്ടായിരുന്നു;

(സി) ഇവരിൽ സി.പി.ഐ.(എം.) അംഗങ്ങളോ അനുഭാവികളോ സി. പി.ഐ.(എം.) പോഷക സംഘടനകളിലെ അംഗങ്ങളോ അനുഭാവികളോ ആയിട്ടുള്ള എത്രപേർ ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 834 കേസ്സുകൾ.

(ബി) 14305 പ്രതികൾ.

(സി) പാർട്ടി അടിസ്ഥാനത്തിൽ കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

സ്ത്രീകൾക്കെതിരെ നടന്നിട്ടുള്ള അക്രമസംഭവങ്ങൾ

50 (1524) ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്കെ തിരെ നടന്നിട്ടുള്ള അക്രമ സംഭവങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) സ്ത്രീകൾക്കെതിരെ നടന്നിട്ടുള്ള അക്രമങ്ങളിൽപ്പെടുന്നവരുടെ മേൽ നടന്ന അക്രമങ്ങളുടെ എണ്ണം എത്ര വീതമാണ്;

LIBRARY ARCHIVES Kerala Legislative Assembly